## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 109 — 29.09.2016 -ൽ മറുപടിക്ക്

### ഔട്ട് ബോർഡ് എഞ്ചിനുകൾക്ക് മണ്ണെണ്ണ സബ്സിഡി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.ദാസൻ<br>ശ്രീ.കെ.ആൻസലൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | പരമ്പരാഗത മത്സ്യതൊഴിലാളികൾ ഉപയോഗിക്കുന്ന ഔട്ട് ബോർഡ് എഞ്ചിനുകൾക്ക് ആവശ്യത്തിനു വേണ്ട മണ്ണെണ്ണ സബ്സിഡി നിരക്കിൽ ലഭ്യമാകാത്തത്, മത്സ്യ ലഭ്യത കുറഞ്ഞു വരുന്ന സാഹചര്യത്തിൽ ഇവരെ പ്രതിസന്ധിയിലാക്കുന്നത് പരിഹരിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; | (എ) | നിലവിൽ മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ പൊതുവിതരണ സമ്പ്രദായം വഴി എഞ്ചിനുകളുടെ കുതിര ശക്തിക്കനുസരിച്ച് നിശ്ചിത അളവിലാണ് മണ്ണെണ്ണ വിതരണം ചെയ്ത് വരുന്നത്. ഈ മണ്ണെണ്ണ മത്സ്യത്തൊഴിലാളികളുടെ ആവശ്യത്തിന് അപര്യാപ്തമായ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാരിന്റെ സബ്സിഡിയോടുകൂടി വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്ന പദ്ധതി മത്സ്യഫെഡ് വഴി നടപ്പിലാക്കിവരുന്നത്. കേന്ദ്ര പൊതുമേഖലാ എണ്ണക്കമ്പനികളുടെ സഹകരണത്തോടുകൂടി ലിറ്ററൊന്നിന് 25/- രൂപ സബ്സിഡി നിരക്കിൽ എഞ്ചിന്റെ കുതിരശക്തിക്കനുസരിച്ച് പ്രതിമാസം 140 ലിറ്റർ മുതൽ 190 ലിറ്റർ വരെ വെള്ള മണ്ണെണ്ണ പെർമിറ്റ് ഉടമകൾക്ക് മത്സ്യഫെഡിന്റെ കീഴിലുള്ള 12 മണ്ണെണ്ണ ബങ്കുകൾ വഴി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്നു. കൂടാതെ മാർക്കറ്റ് നിരക്കിൽ അധിക മണ്ണെണ്ണയും നൽകിവരുന്നു. അർഹതയുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും മണ്ണെണ്ണ ലഭ്യത ഉറപ്പാക്കാൻ പ്രാഥമിക സഹകരണ സംഘങ്ങൾ യഥാർത്ഥ മത്സ്യത്തൊഴിലാളികളുടെ ലിസ്റ്റ് തയ്യാറാക്കി മത്സ്യഫെഡിന് നൽകാൻ ഗവ: നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഔട്ട് ബോർഡ് എഞ്ചിനുകൾ ഉപയോഗിക്കുന്ന | (ബി) | കേന്ദ്ര സർക്കാരിൽ നിന്നും മത്സ്യ മേഖലയ്ക്ക് പ്രത്യേക മണ്ണെണ്ണ ക്വാട്ട |

| | | | |
|---|---|---|---|
| | മത്സ്യതൊഴിലാളികൾക്കായി കേന്ദ്രസർക്കാർ സബ്സിഡി നിരക്കിൽ മണ്ണെണ്ണ അനുവദിക്കുന്നുണ്ടോ; എങ്കിൽ ആകെ എത്ര മണ്ണെണ്ണയുടെ ആവശ്യകതയുണ്ടെന്നും കേന്ദ്രം അനുവദിക്കുന്നത് എത്രയെന്നും അറിയിക്കാമോ; | | അനുവദിച്ച് നൽകുന്നില്ല. എന്നാൽ ഗാർഹിക ആവശ്യങ്ങൾക്കായി സംസ്ഥാനത്തിന് കേന്ദ്രം അനുവദിച്ച് നൽകുന്ന മണ്ണെണ്ണയിൽ നിന്നും പ്രതിമാസം 2525 കിലോലിറ്റർ മണ്ണെണ്ണ മത്സ്യമേഖലയ്ക്കായി പൊതുവിതരണ സമ്പ്രദായത്തിലൂടെ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്നു. ശരാശരി പ്രതിമാസം എഞ്ചിനൊന്നിന് 750 ലിറ്റർ എന്ന നിരക്കിൽ ആകെ 20,000 എഞ്ചിനുകൾ പ്രവർത്തിപ്പിക്കാൻ 15,000 കിലോ ലിറ്റർ മണ്ണെണ്ണ ആവശ്യമായി വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. |
| (സി) | മണ്ണെണ്ണ വില വർദ്ധിപ്പിക്കുവാനുള്ള തീരുമാനത്തിൽ നിന്ന് കേന്ദ്രത്തെ പിൻതിരിപ്പിയ്ക്കാനാവശ്യമായ നടപടി സ്വീകരിയ്ക്കുമോ; | (സി) | കസ്റ്റംസ് ഡ്യൂട്ടിയ്ക്ക് തുല്യമായ തുക സബ്സിഡിയായി നൽകുന്നതിനുള്ള സാമ്പത്തിക സഹായത്തിനുള്ള ശുപാർശ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | അധിക സബ്സിഡി നൽകുവാൻ സംസ്ഥാന സർക്കാരിന് സാധിക്കുമോ എന്ന കാര്യം അറിയിക്കാമോ? | (ഡി) | നിലവിൽ ലിറ്ററൊന്നിന് 25/- രൂപ സബ്സിഡി നൽകിക്കൊണ്ടാണ് നിശ്ചിത അളവിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്തുവരുന്നത്. ഈ വർഷം വെള്ള മണ്ണെണ്ണയ്ക്ക് 3.5 കോടി രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. 64.50 കോടി രൂപ കൂടി അധികമായി വകയിരുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ